(ഇ) ഉദിക്കുന്നില്ല.

പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമത്തിന് കേന്ദ്രവിഹിതം

111 [2276] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് കഴിഞ്ഞ സാമ്പത്തിക വർഷം ആകെ എത്ര കോടി രൂപയുടെ ആനുകൂല്യങ്ങൾ വിതരണം നടത്തിയിട്ടുണ്ട്;

(ബി) ഇതിൽ കേന്ദ്ര ഗവൺമെന്റിന്റെയും സംസ്ഥാന ഗവൺമെന്റിന്റെയും വിഹിതം എത്ര കോടി രൂപ വീതമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തുകയുടെ ചെലവ് ഇനം തിരിച്ച് (ഭൂമി, വീട്, ചികിത്സ, വിദ്യാഭ്യാസം തുടങ്ങിയവ) വ്യക്തമാക്കാമോ;

(ഡി) 2004-05 സാമ്പത്തിക വർഷത്തിൽ കേന്ദ്ര ഗവൺമെന്റ് അനുവദിച്ച പ്രത്യേക ധനസഹായ പദ്ധതിയിൽ എത്ര കോടി രൂപ ലാപ്സാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ വിഭാഗത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ കൂടാതെ 81.76 കോടി രൂപയുടേയും പട്ടികജാതി വിഭാഗത്തിന് 146.23 കോടി രൂപയുടെയും ആനുകൂല്യങ്ങൾ കഴിഞ്ഞ സാമ്പത്തിക വർഷം വിതരണം ചെയ്തിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പ് 2004-05 വർഷം ആകെ ചെലവഴിച്ചതിൽ കേന്ദ്ര ഗവൺമെന്റിന്റെ വിഹിതം 14.80 കോടി രൂപയും സംസ്ഥാന ഗവൺമെന്റിന്റെ വിഹിതം 66.96 കോടി രൂപയുമാണ്. പട്ടികജാതി വികസന വകുപ്പിന്റെ കേന്ദ്ര വിഹിതം 8.5024 കോടി രൂപയും സംസ്ഥാന വിഹിതം 137.73 കോടി രൂപയുമാണ്.

(സി) പട്ടികവർഗ്ഗ വികസന വകുപ്പ് ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

	(രൂപ കോടിയിൽ)
ഭൂമി (ആദിവാസി പുനരധിവാസ വികസന മിഷൻ)	15.50
വീട്	0.04
ആരോഗ്യം	2.58
വിദ്യാഭ്യാസം	33.12
മറ്റു വികസന പ്രവർത്തനങ്ങൾ	30.52
ആകെ	81.76

പട്ടികജാതി വികസന വകുപ്പ് ചെലവഴിച്ച തുകയുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പട്ടികവർഗ്ഗ വികസന വകുപ്പിന് 2004-05 വർഷം കേന്ദ്ര ഗവൺമെന്റിന്റെ അധിക കേന്ദ്ര സഹായ പദ്ധതിയിലും പ്രത്യേക കേന്ദ്ര സഹായ പദ്ധതിയിലുംപ്പെടുത്തി ആകെ 10.22 കോടി ലഭിച്ചിരുന്നു. ഇതിൽ 3.79 കോടിക്കുള്ള പദ്ധതികളും നടപ്പാക്കുകയുണ്ടായി. സാമ്പത്തിക വർഷാവസാനം ലഭിച്ചിരുന്ന ശേഷിച്ച തുകയ്ക്കുള്ള പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കാൻ കഴിഞ്ഞില്ല. എന്നാൽ 20-5-06 വർഷം ഇവ നടപ്പാക്കുന്നതിനായി പദ്ധതികളും ആവിഷ്കരിച്ചുവരുന്നു. കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന പ്രത്യേക/അധിക കേന്ദ്ര സഹായ ഫണ്ടുകളും ലാപ്സാകാറില്ല. കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിക്കുന്ന തുകയിൽ ചെലവഴിച്ചതിൽ ശേഷിക്കുന്ന തുക തുടർന്നുള്ള വർഷങ്ങളിൽ "ബഡ്ജറ്റ്" ചെയ്യുകയും ചെലവഴിക്കുകയും ചെയ്യുന്നുണ്ട്. പട്ടികജാതി വികസന വകുപ്പിന് 2004-05 സാമ്പത്തിക വർഷത്തിൽ പ്രത്യേക കേന്ദ്ര ധന സഹായം (എസ്. സി. എ.) ഒന്നും തന്നെ ലഭിച്ചിട്ടില്ല.

ട്രഷറി നിയന്ത്രണം നിമിത്തമുണ്ടായ പ്രതിസന്ധി

112 [2277] ശ്രീ. എ. കെ. ബാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറി നിയന്ത്രണം നിമിത്തം പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ പ്രവർത്തനം പ്രതിസന്ധിയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള പ്രീ-മെട്രിക്ക് ഹോസ്റ്റലുകളും, പോസ്റ്റ്-മെട്രിക്ക് ഹോസ്റ്റലുകളും, ഐ.റ്റി.സി.-കളും, മോഡൽ റസിഡൻഷ്യൽ സ്കൂളുകളും എന്നിവയുടെ പ്രവർത്തനം ട്രഷറി നിയന്ത്രണം മൂലമുള്ള സാമ്പത്തിക പ്രതിസന്ധിയാൽ തടസ്സപ്പെടുന്നതും, പൊതുഹോസ്റ്റലുകളിൽ താമസിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥിനികളുടെ ഹോസ്റ്റൽ ഫീസ്, മെസ്സ് ആനുകൂല്യങ്ങളും എന്നിവ നൽകാത്തതുമൂലം ഹോസ്റ്റലിൽ നിന്ന് പുറത്താക്കപ്പെട്ടതും പരിഹരിക്കാൻ എന്തെല്ലാം നടപടികളും സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ചില തടസ്സങ്ങളും ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രീ-മെട്രിക്ക്, പോസ്റ്റ്-മെട്രിക്ക് വിദ്യാഭ്യാസാനുകൂല്യങ്ങളും പോസ്റ്റ്-മെട്രിക്ക് ഹോസ്റ്റലുകളിലെയും മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെയും ചെലവുകളും ചില നിബന്ധനകൾക്ക് വിധേയമായി ട്രഷറി നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഹോസ്റ്റൽ ഫീസ്, മെസ്സ് ഫീസ് എന്നിവ നൽകാത്തതുമൂലം പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥിനികളെ ഹോസ്റ്റലിൽ നിന്നും പുറത്താക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly